# പണം വായ്പ നല്കുന്നതിന്മേലുള്ള നിയമനിർമ്മാണം പുന:പരിശോധിക്കാൻ യുക്തമായ സാങ്കേതിക വിദഗ്ധ സംഘത്തിന്റെ റിപ്പോർട്ടിനെപ്പറ്റി ഭാരതീയറിസർവ് ബാങ്ക് അഭിപ്രായങ്ങൾ ക്ഷണിക്കുന്നു

ഭാരതീയ റിസർവ് ബാങ്ക്, 2006-2007 വർഷത്തിലെ 'വാർഷിക നയപ്രസ്താവന'യിലെ 153- ാം ഖണ്ഡികയിൽ പണം വായ്പ നല്കുന്നതിനുമേലുള്ള നിയമനിർമ്മാണം പുന:പരിശോധിക്കാനായി ഒരു സാങ്കേതിക വിദഗ്ധ സംഘത്തെ നിയോഗിക്കുമെന്നു പ്രഖ്യാപിച്ചിരുന്നു. 1) വായ്പ നല്കലിനെ നിയന്ത്രിക്കുന്ന നിലവിലുള്ള നിയമനിർമാണ പ്രവർത്തനത്തിന്റെ കാര്യക്ഷമതയും 2) വിവിധ സംസ്ഥാനങ്ങളിലെ നിർബന്ധ പൂർവ്വമായ നടപ്പാക്കൽ പ്രവർത്തന പദ്ധതിയും പുന:പരിശോധിക്കുക 3) ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളുടെ താത്പര്യത്തെ മുൻനിർത്തി നിയമനിർമാണവും നിർബന്ധിത നടപ്പാക്കൽ പ്രവർത്തന പദ്ധതിയും മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന് ശുപാർശ സമർപ്പിക്കുക എന്നിവയായിരുന്നു ഈ സംഘത്തിന്റെ ലക്ഷ്യങ്ങൾ.

അതനുസരിച്ച് , ഭാരതീയ റിസർവ് ബാങ്കിലെ നിയമോപദേശകന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. എസ്. സി ഗുപ്തയുടെ അദ്ധ്യക്ഷതയിൽ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങളിലെ സെക്രട്ടറിമാരും ഭാരതീയ റിസർവ് ബാങ്കിലെ ഉയർന്ന ഉദ്യോഗസ്ഥരു മടങ്ങിയ ഒരു സാങ്കേതിക വിദഗ്ധ സംഘം രൂപവത്കൃതമായി. മറ്റു പതിനൊന്നു സംസ്ഥാന ങ്ങളിൽ നിന്നുള്ള ക്ഷണിതാക്കളും ഈ സംഘത്തിലുണ്ടായിരുന്നു.

ഈ സാങ്കേതിക വിദഗദ്ധ സംഘം വ്യാപകമായ തോതിൽ അഭിപ്രായങ്ങൾ ആരായുക എന്നൊരു സമീപനത്തിലൂടെ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുള്ള വായ്പ കൊടുക്കൽ സമ്പ്രദായങ്ങൾ പഠിച്ചു; ഏതാനും മൗലിക യാഥാർഥ്യങ്ങൾ സർവ്വേഷണങ്ങളിലൂടെ നിശ്ചിതമായി മനസ്സിലാക്കി; വായ്പ കൊടുക്കുന്നവർക്ക് ഔപചാരിക ധനസ്ഥാപനങ്ങളുമായി ഉണ്ടാകാവുന്ന ബന്ധത്തിന്റെ സാധ്യതകൾ കണ്ടെത്തി; അതോടൊപ്പം, വായ്പ കൊടുക്കൽ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള അന്താരാഷ്ട്രീയ പ്രവർത്തന സമ്പ്രദായങ്ങൾ പുനരവലോകനവും ചെയ്തു.

ഈ സംഘം, വായ്പയിടപാടിനെ നിയന്ത്രിക്കുന്നതിന് സമഗ്രമായ നിയമനിർമാണം തത്കാലം നടത്തിയിട്ടില്ലാത്ത സംസ്ഥാന സർക്കാരുകളുടെ പരിഗണനയ്ക്കും അംഗീകാര ത്തിനുമായ ഒരു മാതൃകാ നിയമം ശുപാർശ ചെയ്തിട്ടുണ്ട്. ഈ നിർദ്ദിഷ്ട മാതൃകാ നിയമം, ഇത്തരത്തിലുള്ള നിയമനിർമാണത്തിന്റെ അന്താരാഷ്ട്രീയവും ആഭ്യന്തരവുമായ തലങ്ങളിൽ ലഭ്യമായ മുഖ്യതത്ത്വങ്ങൾ പ്രതിഫലിപ്പിക്കുന്നു. ഈ സംഘം ശീഘ്രവും അനൗപചാരികവും അനായാസവുമായ തർക്കപരിഹാരം സുഗമമാക്കുന്നതിനായി നിലവിലുള്ള നിയമനിർമാണ

ത്തിൽ ചില പരിവർത്തനങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്. ഈ സംഘം നിർദ്ദേശിച്ച നിയമ നിർമാണം താഴെപ്പറയുന്ന കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നു.

- വായ്പ കൊടുക്കുന്നവരുടെ നിർബന്ധിത രജിസ്ട്രേഷനും ആ രജിസ്ട്രേഷന്റെ കാലാകാലങ്ങളിലുള്ള പുതുക്കലിനുമുള്ള ലളിതവും ക്ലേശരഹിതവുമായ നടപടി ക്രമം.
- ഭേദപ്പെട്ട നിർബന്ധിത നടപ്പാക്കൽ ഉറപ്പു വരുത്തുന്നതിന് ലളിതമായ തർക്കപരിഹാര പദ്ധതി.
- വായ്പ കൊടുക്കുന്നയാൾ ചുമത്തുന്ന പരമാവധി പലിശ നിയന്ത്രിച്ചുകൊണ്ടുള്ള ഡാംഡുപാറ്റ് നിയമം അംഗീകരിക്കൽ.
- കമ്പോള നിരക്കുകൾക്കനുരൂപമായി പലിശയുടെ പരമാവധി നിരക്ക് കാലാകാലങ്ങളിൽ നിശ്ചയിക്കൽ.

സംഘം ഔപചാരികവും അനൗപചാരികവുമായ വായ്പാദാതാക്കൾ തമ്മിൽ ഒരു ബന്ധം സ്ഥാപിക്കാനുള്ള ശ്രമവും നടത്തിയിട്ടുണ്ട്. ഇതുവഴി, ഒരു അംഗീകൃത വായ്പാ ദായകന്, ഔപചാരിക മേഖലയിൽ, കൂടുതലായുള്ള വായ്പകൊടുക്കലിന് ഉറവിടമായി പ്രവർത്തിക്കാവുന്നതാണ്. സുരക്ഷാ നടപടികൾ പാലിച്ചിരിക്കണമെന്നു മാത്രം.

അങ്ങനെ ഈ സാങ്കേതിക വിദഗ്ദ്ധ സംഘം അതിന്റെ റിപ്പോർട്ട് നൽകിയിരിക്കുകയാണ്. അത് ഭാരതീയ റിസർവ് ബാങ്കിന്റെ വെബ്സൈറ്റിൽ (www.rbi.org.in) ചേർത്തിരക്കുന്നു. റിപ്പോർട്ടിൽ പ്രകടിപ്പിച്ചിരിക്കുന്ന അഭിപ്രായങ്ങൾ സാങ്കേതിക വിദഗ്ധ സംഘത്തിന്റേതാണ്. അവർ ബന്ധപ്പെട്ടിട്ടുള്ള സംഘടനകളുടെ അഭിപ്രായങ്ങൾ ആയിരിക്കണമെന്നില്ല.

ഈ സംഘത്തിന്റെ ശുപാർശകളുടെമേൽ എല്ലാ ഇത്തരം പണമിടപാടുകാരും അവരവരുടെ അഭിപ്രായങ്ങൾ ഈ പത്രക്കുറിപ്പു പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ നാലാഴ്ചയ്ക്കകം, ശ്രീ. ജി. ശ്രീനിവാസൻ, ചീഫ് ജനറൽ മാനേജർ, റൂറൽ പ്ലാനിംഗ് ആന്റ് ക്രഡിറ്റ് ഡിപ്പാർട്ട്മെന്റ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സെൻട്രൽ ഓഫീസ്, ശഹീദ് ഭഗത്സിംഗ് മാർഗ്, മുംബൈ-400001 എന്ന വിലാസത്തിൽ കത്തുമുഖേനയോ gsrinivasan@rbi.org.in-ൽ ഈ- മെയിലിലോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റീജിയണൽ ഡയറക്ടർ
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
തിരുവനന്തപുരം

ജൂലൈ 24, 2007.